## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 4205 — 17-05-2017 ൽ മറുപടിയ്ക്ക്

### ഫയർമാൻ, ഡ്രൈവർ കം പമ്പ് ഓപ്പറേറ്റർ റാങ്ക് ലിസ്റ്റ്

| ചോദ്യം<br>**ശ്രീ.ആന്റണി ജോൺ** | മറുപടി<br>**ശ്രീ.പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
|---|---|
| എ) **12-01-2017**-ൽ പ്രസിദ്ധീകരിച്ച ഫയർമാൻ, ഡ്രൈവർ കം പമ്പ് ഓപ്പറേറ്റർ തസ്തികയുടെ റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ എത്രപേർക്ക് നിയമനം നല്കി എന്ന വിവരം വ്യക്തമാക്കാമോ;<br><br>ബി) നിലവിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകളിലേക്ക് ഉടൻ നിയമനം നടത്തുമോ; | **(എ)&(ബി)**<br>ഫയർമാൻ ഡ്രൈവർ കം പമ്പ് ഓപ്പറേറ്റർ തസ്തികയുടെ 12-01-17 ൽ പി.എസ്.സി. പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ നിന്നും, ടി തസ്തികയുടെ യോഗ്യത പ്ലസ് ടു പാസ്സായിരിക്കണം എന്ന് പരിഷ്കരിച്ചുകൊണ്ട് 26-11-14ൽ ജി.ഒ.(പി) നം.243/2014/ആഭ്യന്തരം പ്രകാരം പുറപ്പെടുവിച്ച സ്പെഷ്യൽ റൂൾ ഭേദഗതിക്ക് മുൻപ് നിലവിൽ വന്ന 8 ഒഴിവിലേക്കായി നിയമന ശിപാർശ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായും സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്ത 26-11-14 ന ശേഷം ലഭിച്ച ഒഴിവുകൾ വാർഷിക സെലക്ഷൻ നടപടി സ്വീകരിച്ച് പ്രസിദ്ധീകരിക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നികത്താൻ പബ്ലിക് സർവീസ് കമ്മീഷൻ നടപടി സ്വീകരിച്ച് വരുന്നു. |
| സി) ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനുശേഷം തസ്തികയുടെ യോഗ്യത പരിഷ്കരിച്ചിട്ടുണ്ടോ;<br><br>ഡി) എങ്കിൽ നിലവിലുള്ള റാങ്ക് ലിസ്റ്റിലുള്ളവർക്ക് പരിഷ്കരിച്ച യോഗ്യത നിർബന്ധമാക്കുമോ; | **(സി)&(ഡി)**<br>12-01-17 ൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച ശേഷം യോഗ്യത പരിഷ്കരിച്ച് കൊണ്ടുള്ള ഉത്തരവൊന്നും ഉണ്ടായിട്ടില്ല. |
| ഇ) ഈ കാര്യത്തിലുള്ള സർക്കാർ നിലപാട് വ്യക്തമാക്കാമോ? | ഇ) 26-11-14 ലെ ഉത്തരവുപ്രകാരം ഫയർമാൻ ഡ്രൈവർ കം പമ്പ് ഓപ്പറേറ്റർ തസ്തികയുടെ യോഗ്യത പരിഷ്കരിച്ച് ഉത്തരവായിരുന്നെങ്കിലും ടി തസ്തികയിലേയ്ക്ക് റിപ്പോർട്ട |

ചെയ്യപ്പെട്ട ഒഴിവുകളിലേയ്ക്ക് (പഴയ യോഗ്യത അടിസ്ഥാനമാക്കി ) നിയമനം നടത്തുന്നതിനായി പി.എസ്.സി. 26-12-14 തീയതിയിൽ വിജ്ഞാപനം പുറപ്പെടുവിക്കുകയും റാങ്ക് ലിസ്റ്റ് 12-01-17 ൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. യോഗ്യത പുതുക്കി നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള റാങ്ക് ലിസ്റ്റ് റദ്ദുചെയ്യുകയോ പുതിയ വിജ്ഞാപനം പുറപ്പെടുവിക്കുകയോ ചെയ്യുന്ന പക്ഷം റാങ്ക് ലിസ്റ്റിലുള്ള ഉദ്യോഗാർത്ഥി കൾക്ക് നിയമനത്തിനുള്ള അവസരം നഷ്ടമാകുന്ന സാഹചര്യം സംജാതമാകും എന്നതിനാൽ 01-01-2015 നോ അതിനു ശേഷമോ പി.എസ്.സി പ്രസിദ്ധീകരിച്ചിട്ടുള്ള ഫയർമാൻ ഡ്രൈവർ കം പമ്പ് ഓപ്പറേറ്റർ തസ്തികയുടെ വിജ്ഞാപന ങ്ങൾക്കു മാത്രം പുതുക്കിയ യോഗ്യത ബാധകമാക്കിക്കൊണ്ട് സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച് സർക്കാർ പി.എസ്.സി യുടെ ഉപദേശം തേടിയിരിക്കുക യാണ്.

**സെക്ഷൻ ഓഫീസർ**